കൊറേ കാടുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏക വനപത്രം

# ജംഗിൾ ന്യൂസ്

16 ഫെബ്രുവരി 2017

JUNGLE NEWS DAILY, PUBLISHED FROM THIRUVANAM PURAM, KOZHIKOOD, ERUMAKULAM, MAYILPURAM, PATTIKKAD, KAKKANCHERY

**ജംഗിൾ ന്യൂസ്** പത്രത്തിലേക്ക് കൂട്ടുകാരുടെ രസകരമായ വാർത്തകൾ ക്ഷണിക്കുന്നു..
പേര്, ക്ലാസ്, സ്കൂൾ എന്നിവ ചേർക്കാൻ മറക്കരുത്.
വാർത്തകൾ വാട്സാപ്പ് ചെയ്യുക:
8281572448

## ചെങ്കാട് പാർക്ക്: ഇന്ന് കാടിന് സമർപ്പിക്കുന്നു

**ജിറാഫുഞ്ചി:** ഒട്ടേറെ വിവാദങ്ങൾക്ക് നടുവിൽ ഇന്ന് ചെങ്കാട് പാർക്കിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി ചടയൻ സിംഹം നിർവഹിക്കും. മൃഗസമരങ്ങളെ ഒന്നാകെ അവഗണിച്ചുകൊണ്ടാണ് പാർക്ക് നിർമാണം മുന്നോട്ട് കൊണ്ടുപോയത്. അരുവികളും ഔഷധസസ്യങ്ങളുമെല്ലാം അടങ്ങുന്ന മൃഗനിബിഡമായ സ്ഥലത്ത് പാർക്ക് വന്നതോടെ ആയിരക്കണക്കിന് മൃഗങ്ങളുടെ താമസസ്ഥലങ്ങളാണ് നഷ്ടമായത്. അവർ



എവിടെയെങ്കിലും പുനരധിവസിച്ചോട്ടെ, അതിനുള്ള സ്വാതന്ത്ര്യം അവർക്ക് നാം നൽകുന്നു, ഈ സർക്കാർ നൽകുന്ന സ്വാതന്ത്ര്യം എത്ര അളവറ്റതാണ് എന്ന് എല്ലാവരും മനസ്സിലാക്കണം, മൃഗങ്ങളെ ഭരിക്കാനാണ് ഗവൺമെന്റ്, അല്ലാതെ സേവിക്കാനല്ല എന്നും മുഖ്യൻ പറഞ്ഞു. ടുട്രോ ട്രെയിൻ പദ്ധതി ഉദ്ഘാടനത്തിന് വിളിക്കാതെ വന്ന തമ്മനം ഗജകേസരനെ ഭയന്ന് വമ്പൻ സുരക്ഷയാണ് ജിറാഫുഞ്ചിയിൽ ഏർപ്പെടുത്തിയിരിക്കുന്നത്. ഒരു കാരണവശാലും ഗജകേസരൻ സ്റ്റേജിൽ കയറിപ്പറ്റാൻ പാടില്ല എന്ന് കർശന നിർദേശം സുരക്ഷാ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. തമ്മനമടിക്കാൻ ആരെയും അനുവദിക്കില്ല എന്നെഴുതിയ വലിയ ബോർഡ് ഉദ്ഘാടന വേദിക്കരികെ സ്ഥാപിച്ചിട്ടു

## ഞങ്ങടെ നെഞ്ചത്താ നിങ്ങടെ എന്റർടെയ്ൻമെന്റ്



**ജിറാഫുഞ്ചി:** ഞങ്ങടെ നെഞ്ചത്താണ് ഈ ചെങ്കാട് പാർക്ക് വരുന്നത് എന്നും ഈ സർക്കാർ കോർപ്പറേറ്റുകളെ മാത്രേ സേവിക്കുന്നുള്ളൂ എന്നു കിടപ്പാടം നഷ്ടപ്പെടുന്ന അനേകരിൽ ഒരാളായ ചുപ്പു മുയൽ പറഞ്ഞു. പാവപ്പെട്ട മൃഗങ്ങളുടെ കൂടെ നിന്നിരുന്ന മൃഗക്ഷേമ പാർട്ടി ഇന്ന് വമ്പൻ മുതലാളിമാരുടെ ഇഷ്ടങ്ങൾക്കനുസരിച്ചാണ് നീങ്ങുന്നത്. കിടപ്പാടം നഷ്ടപ്പെടുന്നതിൽ മനംനൊന്ത് പൊട്ടിക്കരയുന്ന മൃഗങ്ങളെ പോലും പോലീസ് അറസ്റ്റുചെയ്യുകയാണ്. ഇത് ശരിയാണോ എന്നും അടുത്ത ഇലക്ഷനിൽ ഈ നീതികേടുകൾക്കെതിരെ മറുപടി ചോദിക്കും എന്നും പറഞ്ഞു ചുപ്പു.

## എന്നെ എടാന്ന് വിളിച്ചാൽ നിന്നെ പോടാ എന്ന് വിളിക്കും

**ആമനാട്:** എനിക്കിഷ്ടമില്ലാത്തത് വിളിച്ചാൽ ഞാൻ തിരിച്ചും തെറി വിളിക്കും എന്ന് പ്രമുഖ സാംസ്കാരിക നേതാവ് പ്രസന്നൻ കുറുക്കൻ പറഞ്ഞു. എഴുത്തുകാരനായ മോഹനൻ ചേക്കോഴി പ്രസന്നനെ നിലവാരമില്ലാത്തയാളാണ് എന്നും അങ്ങോരുടെ തലയിൽ കളിമണ്ണാണ് എന്നും പറഞ്ഞിരുന്നു. എന്നെ മാത്രമല്ല, കളിമണ്ണിനെ കൂടി മോഹനൻ അധിക്ഷേപിച്ചിരിക്കുന്നു. മണ്ണിനെ മറന്നുകൊണ്ടുള്ള പരാമർശമാണ് അത്.



*മോഹനൻ ചേക്കോഴി*

കളിമണ്ണില്ലേൽ നമ്മൾ എന്തുകൊണ്ട് കളിക്കും. മോഹനൻ ചേക്കോഴിയുടെ സഹോദരനെ ഞാൻ ചിക്കൻ സിക്സ്റ്റീ ഫൈവ് ആക്കി തിന്നതിന്റെ ദേഷ്യമാണ് അങ്ങോർക്ക്. അവസരം ഒത്തുവന്നാൽ മോഹനനേയും വൺ ടു ത്രീ എന്ന് പറഞ്ഞ് ചുട്ടു തിന്നും, അല്ലേൽ പൊരിച്ചു തിന്നും.

'നിങ്ങൾ ഒരു സാംസ്കാരിക നായകനല്ലേ, ഇങ്ങനെ സംസ്കാരം വിട്ട് പറയാമോ' എന്ന ചോദ്യത്തിന് സാംസ്കാരികനായകർക്ക് ഇത്ര സംസ്കാരമേ കാണൂ എന്നും പ്രസന്നൻ പറഞ്ഞു.

## 'എലിമുരുകന്റെ കുന്തം മോഷ്ടിച്ചതെന്ന്'

**ആടമ്പാക്കം:** എലി മുരുകൻ സിനിമയിൽ സൂപ്പർസ്റ്റാർ എലി കുമാർ പുലിയെ പിടിക്കാൻ എറിയുന്ന അമ്പും കുന്തവും എല്ലാം മോഷ്ടിച്ചതാണെന്ന് വമ്പൻ കരടി. ഞാൻ തേനീച്ചക്കൂട് കുത്തി തേനെടുക്കാൻ കരുതിയിരുന്ന എന്റെ കുന്തങ്ങളാണതെല്ലാം. ഉറങ്ങി എണീറ്റപ്പോഴേക്കും ഒന്നും കാണാനില്ല. കുന്തമില്ലാതെ ഞാൻ എങ്ങനെ തേൻ കട്ടെടുക്കും. ഈ കാട്ടിൽ ഒരു നിയമമുണ്ടോ, സർക്കാറുണ്ടോ?! വമ്പൻ വമ്പോടെ പറഞ്ഞു. എന്നാൽ ഇത് വമ്പന്റെ കുന്തമല്ലെന്നും വമ്പന്റെ കുന്തമിങ്ങനെയല്ലെന്നും സിനിമാ സംവിധായകൻ ജിബ്രൂട്ടൻ കൊക്ക് പറഞ്ഞു.




ഇന്ത്യയിലെ ഒഴുകുന്ന പോസ്റ്റോഫീസ് സ്ഥിതി ചെയ്യുന്നത് – ദാൽ തടാകം (ശ്രീനഗർ)